# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4158** **17/05/2017-ൽ മറുപടിക്ക്**

## പി.എസ്.സി നിയമനം

**ചോദ്യം**

ശ്രീ. വി.ടി.ബൽറാം
ശ്രീ. പി.ടി.തോമസ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ, 19.05.2016 വരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ എത്ര പേർക്ക് ഇതുവരെ നിയമനം നല്കിയിട്ടുണ്ട്; | (എ) | 19.05.2016 വരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ റാങ്ക് പട്ടിക നിലവിലുള്ളവയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ ആയത് തയ്യാറാക്കുന്ന മുറയ്ക്ക് നിയമന ശിപാർശ നല്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 31.03.2017 വരെ ആകെ 31,137 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കാലയളവിൽ 36,047 പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്ന എത്ര കേസുകളാണ് പി&എആർഡി വിജിലൻസ് വിഭാഗം കണ്ടെത്തിയത്; ഇങ്ങനെ ഒഴിവുകൾ കൃത്യസമയം റിപ്പോർട്ട് ചെയ്യാത്ത എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി 2394 ഒഴിവുകൾ കണ്ടെത്തിയിരുന്നു. അവ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു ഉദ്യോഗസ്ഥർ-ക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ